(ബി) എങ്കിൽ പ്രസ്തുത വനഭൂമി ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എന്തൊക്കെ നടപടികളാണ് ഇതുവരെ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സ്ഥലം കയ്യേറിയിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

56 (1097) **"വനങ്ങളിൽനിന്നും ചന്ദനമരം അപ്രത്യക്ഷമായ സംഭവം"**

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 25 നു ശേഷം 2000-ാമാണ്ട് ഫെബ്രുവരി 12 വരെയുള്ള കാലത്ത് വനങ്ങളിൽനിന്നും ചന്ദനമരം മോഷണംപോയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ചന്ദനമരങ്ങൾ മോഷണം പോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലഘട്ടത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസ് പരിസരത്തുനിന്ന് ഒരു ചന്ദനമരം വെട്ടിമാറ്റിയിട്ടുണ്ടോ;

(ഡി) എങ്കിൽ കുറ്റക്കാരെ കണ്ടുപിടിച്ചുവോ;

(ഇ) ഇതുമൂലം തിരുവിതാംകൂർ ദേവസ്വംബോർഡിന് എന്തു നഷ്ടം ഉണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 83 ചന്ദനമരങ്ങൾ മോഷണം പോയിട്ടുണ്ട്.

(സി)-(ഇ) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

57 (1098) **"പോത്തുപ്പാറ ഹരിജൻ കോളനി വൈദ്യുതീകരിക്കാൻ നടപടി"**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ പോത്തുപ്പാറ ഹരിജൻ കോളനി വൈദ്യുതീകരിക്കാൻ അനുമതി ലഭിക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ അപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് അപേക്ഷിച്ചതെന്നും അനുമതി ലഭിച്ചോ എന്നുമുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly